പതിനൊന്നിന പരിപാടിയുടെ ഭാഗമായി പഞ്ചായത്തുകളിൽ നിയമിക്കപ്പെട്ടിട്ടുള്ളവരുടെ ഓണറേറിയം തുക

99 [1676] ശ്രീ. പി. നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നിന പരിപാടിയുടെ ഭാഗമായി പഞ്ചായത്തുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ഓണറേറിയം തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വർഷങ്ങളായി ജോലി നോക്കുന്ന പ്രസ്തുത ജീവനക്കാരെ പഞ്ചായത്തുകളിലെ സ്ഥിരം ജീവനക്കാരായി അംഗീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-4-2002 മുതൽ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്.

(ബി) സ്ഥിരപ്പെടുത്താൻ തൽക്കാലം നിർവ്വാഹമില്ല.

കുടുംബ സർവ്വേ

100 [1677] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനമായി കുടുംബ സർവ്വേ നടത്തിയത് ഏതു വർഷമാണ്;

(ബി) അതുപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം എത്രയാണ്?

ഉത്തരം

(എ ആന്റ് ബി) 2001 ജനുവരിയിൽ നഗരപ്രദേശത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ സർവ്വേ നടത്തിയെങ്കിലും, കരട് ലിസ്റ്റിൽ അർഹതയുള്ള പല കുടുംബങ്ങളെയും വിട്ടുപോയിട്ടുള്ളതായി നഗരസഭകളിൽ നിന്നുള്ള വ്യാപകമായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ള കുടുംബങ്ങൾക്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ അപേക്ഷ നൽകുന്നതിന് 2004 ജൂലൈ 14 വരെ സമയമനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ഗ്രാമ വികസന വകുപ്പ് ഒരു ദാരിദ്ര്യരേഖാ സെൻസസ് 2003 മേയ്-ജൂൺ മാസങ്ങളിൽ നടത്തിയിട്ടുണ്ട്. എന്നാൽ ഇത് പ്രകാരമുള്ള കുടുംബങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly